# ജി ആർ എഫ് ടി എച്ച്എസ് ഫോർഗേൾസ് കാഞ്ഞങ്ങാട്



# തീരം

## (ഡിജിറ്റൽ മാഗസിൻ)

## ലിറ്റിൽ കൈറ്റ്സ്

(2022-25 BATCH)

# ഉള്ളടക്കം


ഭൂമിയുടെ അവകാശികൾ --- ആസ്വാദനക്കുറിപ്പ്

പാത്തുമ്മയുടെ ആട് --- ആസ്വാദനക്കുറിപ്പ്

എന്റെ പ്രിയതമേ --- കവിത

താങ്ങ് --- കവിത

മാനവികതയുടെ കാവലാൾ ---കഥ

അവൾ --- കഥ

ആ ജീവശില --- കഥ

ഭൂമി മരണത്തിലേക്കോ --- കവിത

കടലും ഒരമ്മ --- കവിത

ഒരു വിസ്മയ യാത്ര ---അനുഭവക്കുറിപ്പ്

ശരി --- കവിത

ലക്ഷ്യം --- കഥ

ജലം അമ്മയാണ്---കവിത

കുഞ്ഞിളം കാറ്റ് --- കവിത

ഒരു വിമാന യാത്രയുടെ സ്മരണയ്ക്ക് ---യാത്രാവിവരണം

## ഭൂമിയുടെ അവകാശികൾ___ആസ്വാദനക്കുറിപ്പ്

- വൈക്കം മുഹമ്മദ് ബഷീറിൻറെ തൂലികയിൽ അടർന്ന് വീണ ഒരു ചെമ്പനീർ പുഷ്പമാണ് ഭൂമിയുടെ അവകാശികൾ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളും ഭൂമിയുടെ  അവകാശികൾ ആണെന്ന് സന്ദേശമാണ്

അദ്ദേഹം ഈ കഥയിലൂടെ വ്യക്തമാക്കുന്നത് ബഷീറും തൻറെ ഭാര്യ ഫാത്തിമ ബീവിയും ആണ് ഇതിലെ കഥാപാത്രങ്ങൾ പക്ഷികളും ചിത്രശലഭങ്ങളും പാമ്പുകളും ഒക്കെ ഈ കഥയിൽ കടന്നുവരുന്നു.

ആദിത്യ.എ
ഒൻപതാം തരം

## __പാത്തുമ്മയുടെ ആട് __ ആസ്വാദനക്കുറിപ്പ്

വൈക്കം മുഹമ്മദ് ബഷീറിന്റെ  ഏറ്റവും പ്രശസ്തമായ നോവലാണ് 1959ൽ പ്രസിദ്ധീകരിച്ച  പാത്തുമ്മയുടെ ആട്.പെണ്ണുങ്ങളുടെ ബുദ്ധി എന്ന ഒരു പേര് കൂടി ബഷീർ ഇതിനു നൽകിയിട്ടുണ്ട്.  ബഷീർ തന്റെ കുടുംബവീട്ടിൽ കഴിയവേ രചിച്ച കുടുംബ നോവലാണ് പാത്തുമ്മയുടെ ആട്. ബഷീറിന്റെ കുടുംബാംഗങ്ങൾ ഇതിലെ കഥാപാത്രങ്ങളായി വരുന്നു. ഇതിലെ പ്രധാന കഥാപാത്രം ബഷീറിന്റെ  സഹോദരിയായ പാത്തുമ്മയാണ് .പേര് സൂചിപ്പിക്കും പോലെ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിന്റെ  ഗതി.പ്രകൃതിയെക്കുറിച്ച് ധാരാളമായി പ്രതിപാദിക്കുന്ന ഒരു  നോവൽ കൂടിയാണ്  പാത്തുമ്മയുടെആട്.

കൃഷ്ണ പ്രിയ ബി .ഒൻപതാം തരം




ANAMIKA V V
10 STD

# കവിത

## __എന്റെ
## പ്രിയതമേ__

"

അകലെ എവിടെയാണെങ്കിലും

എന്നരികിലാണ് പ്രിയതമേ നീ.......

നീ എന്നിലൂടെ ജീവിച്ചിരുന്നൊരാ കാലം

പ്രിയമായിരുന്നു എനിക്കെന്നെന്നും............ "

നന്ദന ആർ. ഒൻപതാം തരം



THEERTHA SANTHOSH K
9 STD



SHIVANI P
8 STD



SREELAKSHMI S
8 STD

# കവിത

## __താങ്ങ്__

ഒന്നു ഞാൻ കരയുമ്പോൾ
സാന്ത്വനിപ്പിക്കാൻ ....പ്രശ്നങ്ങളൊക്കെ
പരിഹരിക്കാൻ
കൂടെയുണ്ടായിരുന്നെൻ അച്ചനെന്നുമേ....
ഒരൂന്നുവടി പോലെൻ
ജീവിതത്തിൽ...

ശ്രീയ വി.കെ ഒൻപതാം തരം



ശ്രീയ വി.കെ

ഒൻപതാം തരം

# __മാനവികതയുടെ കാവലാൾ__

കഥ

ഞാൻ നാലാം വയസ്സിൽ ആണ് നാട്ടിലേക്ക് വന്നത് അതുവരെ എൻറെ കുടുംബം ദുബായിലായിരുന്നു പിന്നീട് നാട്ടിൽ ഞാനും ഏട്ടനും അമ്മയും മാത്രമേ വന്നുള്ളൂ അച്ഛൻ വന്നില്ലായിരുന്നു ഞങ്ങൾക്ക് വേണ്ടി ഭാവിയിലെ മുന്നൊരുക്കങ്ങൾ എല്ലാം ചെയ്തിട്ടുണ്ടായിരുന്നു വീടും തോണിയും ഞാൻ രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ അച്ഛൻ നാട്ടിലേക്ക് വന്നു. ആ വരവ് എന്നെയും എൻറെ ഏട്ടനെയും വളരെയധികം സന്തോഷിപ്പിച്ചെങ്കിലും ആ സന്തോഷം എൻറെ അമ്മയുടെയും അച്ഛന്റെയും മുഖത്ത് കാണാൻ കഴിഞ്ഞില്ല അപ്പോൾ തന്നെ എൻറെ കുഞ്ഞു ബുദ്ധികൊണ്ട് ഞാൻ അറിഞ്ഞു ഇനി അച്ഛൻ ദുബായിൽ പോകില്ല എന്ന് കുടുംബത്തെ പോറ്റാൻ വേണ്ടി ആ പാവം അച്ഛൻ തോണിയിൽ കയറി അത് മാത്രമായിരുന്നു അപ്പോൾ ഞങ്ങളുടെ ജീവിത മാർഗ്ഗം പക്ഷേ എനിക്ക് ഇഷ്ടമില്ലായിരുന്നു വളരും തോറും അതിനോടുള്ള വെറുപ്പും കൂടിക്കൂടി വന്നു 2018ൽ ഞാൻ പത്തിൽ പഠിക്കുന്ന സമയം കേരളത്തെ വൻ ഭീതിയിലാക്കിയ പ്രളയം പലരുടെയും ആകാംക്ഷകളും സന്തോഷങ്ങളും സ്വപ്നങ്ങളും ആ കടലിന്റെ തിരക്കൊപ്പം ഒഴുകിപ്പോയി എല്ലാവരും അവരവരുടെ ജീവിതത്തിനുവേണ്ടി അങ്ങോട്ടു മിങ്ങോട്ടും നെട്ടോട്ടം ഓടുമ്പോൾ അന്ന് എനിക്ക് മനസ്സിലായി എൻറെ അച്ഛൻ ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ വില അവരുടെ വിശാലമായ മനസ്സിന്റെ ശേഷിപ്പുകളാണ് ഇന്ന് കാണുന്ന ഓരോ ജീവനും കടലിന്റെ മക്കൾ കാണിച്ച മനസ്സിന്റെ ധൈര്യമാണ് ഞങ്ങളെയും ശക്തിപ്പെടുത്തിയത് ആ ജോലിക്കുള്ള മഹത്വം എത്ര മാത്രമാണ് എന്ന് എനിക്ക് മനസ്സിലായി പാവങ്ങളുടെ പടയാളികൾക്ക് ഒരുപാട് നന്ദി .

നിയ. ജെ
പത്താംതരം

# _അവൾ_

കഥ

നിലാവുള്ള രാത്രിയിൽ തനിച്ചിരിക്കുന്ന പെൺകുട്ടി അവളെ ഇരുണ്ട നീലാകാശം ആകർഷിക്കുകയാണ് മാനത്ത് മിന്നി തിളങ്ങുന്ന ഒരായിരം നക്ഷത്രങ്ങളുംഅവിടെ തനിച്ചിരിക്കുന്ന പെൺകുട്ടിയും പ്രകൃതിയുടെ സൗന്ദര്യം അവൾ ആസ്വദിക്കുകയാണ് പ്രകൃതിയും അവളും. അവളുടെ മനോഭാവം ആകെ മാറി കഴിഞ്ഞു ഏതോ ഒരു സ്വപ്നലോകത്ത് അവൾ ആടിയുലഞ്ഞ നടക്കുകയാണ് മറക്കാൻ പറ്റാത്ത ആ ഒരു നിമിഷം തിരിച്ചുവരാൻ പറ്റാത്ത ആ ഒരു ലോകത്തേക്ക് അവളെ കൊണ്ടുപോവുകയാണ്

ശ്രേയ എസ്
ഒൻപതാം തരം

# ആ ജീവശില

കഥ

ആ നിസ്സഹായതയോടെയുള്ള നോട്ടം കണ്ടപ്പോൾ ആണ് കോടതി വാതിൽക്കൽ നിൽക്കുന്ന സ്ത്രീയെ കുറിച്ച് അറിയാൻ തൻറെ മനസ്സ് വെമ്പിയത്. അങ്ങനെ ഞാൻ ആ സത്യം അറിഞ്ഞു.സ്വന്തം മകളുടെ മരണത്തിന് ഉത്തരവാദിയും ലഹരിക്ക് അടിമയുമായ ധനികനായ ചെറുപ്പക്കാരൻ.അവൻ സന്തോഷമായി ജീവിക്കുന്നത് കണ്ടിട്ടും പ്രതികരിക്കാൻ കഴിയാതെ ഒരു ജീവശിലയായി മാറി ആ അമ്മ! ഈ അമ്മയ്ക്ക് മാത്രമോ ഈ അവസ്ഥ ? ഈ അമ്മയ്ക്ക് മാത്രമോ ഈ അവസ്ഥ ? അതോ ??

മൃദുല എം

ഒൻപതാം താരം

# ഭൂമി മരണത്തിലേക്കോ

കവിത

പച്ച വിരിച്ചു നിൽക്കുന്ന പാടങ്ങൾ
പച്ചപ്പുകളുള്ള വിസ്മയ ദൃശ്യം ഇനി കാണുമോ ?
അമ്മയുടെ താരാട്ട് തേനൊലി ഗീതം പോൽ കടലിൻ തിരയടി രാഗം ഇനി കേൾക്കുമോ ?
അരുണന്റെ വെളിച്ചം ഇരുളിൽ മറയുകയായ്
ആ വിഭൂതി തൻ വെട്ടം ഇനി ഇവിടെ പതിക്കുമോ ?
എല്ലാം മറയുകയായി ഈ വെട്ടത്തിൽ നിന്നും ഇരുളിലേക്ക് ഈ ഭൂമി മറയുകയായി
ചൂടേറ്റു ഉണങ്ങി പൊഴിഞ്ഞ് താഴെ വീണ പുഷ്പത്തെ പ്പോലെ
ഭൂമിയിതാ മനുഷ്യ കരങ്ങളാൽ പിളർന്ന് അന്ത്യം കുറിക്കയായ്

അക്ഷയ. എസ്
എട്ടാം തരം

## കടലും ഒരമ്മ കവിത

കടലതാ ആർത്തിരമ്പുന്ന സിംഹത്തിൻ ഗർജ്ജനം പോലെ
അതിൻറെ തിരകൾ അലയടിക്കുന്ന സ്വാതന്ത്ര ഗീതം പോലെ
മാതൃത്വമതു നരഞ്ഞ് പൊന്തുന്ന പാലിൻ നുരവെള്ള പോലെ മനസ്സിനോ ഇമ്പമേകുന്ന മധുര സംഗീതം പോലെ
കടലതാ സംസാരിക്കുന്ന അമ്മ തൻ ശകാരം പോലെ കടലുമൊരമ്മയാകുന്ന മത്സ്യ-ജലജീവികൾ മക്കളാകുന്ന
സന്തുഷ്ടമാമൊരു കുടുംബം പോലെ

**വൈഗ എൻ .എട്ടാം തരം**

# ഒരു വിസ്മയ യാത്ര

ഞങ്ങളുടെ വിസ്മയ യാത്ര ഉല്ലാസകരമായിരുന്നു. ഞങ്ങൾക്ക് അന്ന് നല്ല സന്തോഷം ആയിരുന്നു. എല്ലാവരും ക്ലാസ്സ് അടിസ്ഥാനത്തിൽ ലൈനായി
പത്താം ക്ലാസിന് ചെറിയ ബസ്സും എട്ടിനും ഒമ്പതിനും വലിയ ബസ്സും ആയിരുന്നു. ബസ്സിലെ യാത്ര രസകരമായിരുന്നു. പാട്ട് വെച്ച് ഞങ്ങൾ ഡാൻസ് ചെയ്തു ടീച്ചർമാരും
ചെറുതായി ഡാൻസ് ചെയ്തു. ചിലപ്പോ തമാശകൾ പറഞ്ഞു ഞങ്ങൾ ചിരിച്ചു.
ഒരുപാട് കാഴ്ചകൾ കണ്ടു രസിച്ചു ഞങ്ങൾ വിസ്മയയിൽ എത്തി. അവിടം മനോഹരവും വിസ്മയകരവുമായിരുന്നു. പിന്നെ ഞങ്ങൾക്ക് പഫ്സും ചായയും തന്നു അത് കഴിച്ച് യൂണിഫോം മാറി ഞങ്ങൾ ലൈനായി വിസ്മയയിൽ കയറി.ഞങ്ങളോട് ഉച്ചക്ക് 1:30 ന് തന്നെ ഇവിടെയെത്താൻ പറഞ്ഞു.പിന്നെ ഞങ്ങളെമുമ്പേ ഗ്രൂപ്പുകൾ ആക്കിയിരുന്നു.ഗ്രൂപ്പ് തലവന്മാർക്ക് ചുമതല ഉണ്ടായിരുന്നു. പിന്നെ ഞങ്ങൾ ഒരുപാട് റൈഡുകളിൽ കയറി
ഗോസ്റ്റ് ഹൗസിൽ കയറിയപ്പോൾഒരുപാട് പേടിയായി.
ഇലക്ട്രോണിക് ഊഞ്ഞാൽ,മാഗസ്, ബ്രേക്ക് ഡാൻസ്, മാജിക് മിറർ അങ്ങനെ പല റൈഡുകളിലും ഞങ്ങൾ കയറി. എല്ലാം രസകരമായിരുന്നു .ഉച്ചയ്ക്ക് ഭക്ഷണം കഴിച്ച് ഞങ്ങളെ വാട്ടർ റൈഡുകളിൽ വിട്ടു. പല വാട്ടർ റൈഡുകളിലും ഞങ്ങൾ കയറി.നിരങ്ങി നീങ്ങി വീഴുന്ന വാട്ടർറൈഡ്,വെള്ളച്ചാട്ടം പോലെയുള്ള റൈഡ്, സ്വിമ്മിങ് പൂൾ ഇതിൽ എല്ലാം കയറി. വെള്ളത്തിൽമുഴുവൻ കളിച്ചു തിമർത്തു.അതിനിടെ ആകാശത്തൊട്ടിലിലും കയറി.രസകരം എന്നാൽ രസം തന്നെ! ഒരുപാട് രസകരമായിരുന്നു.
വൈകുന്നേരം ആയി. ഞങ്ങൾ നനഞ്ഞ ഡ്രസ്സ് മാറി.ആ ഓർമ്മകളുടെ ചെപ്പ് മനസ്സിൽ എന്നും മായാതെ സൂക്ഷിച്ച് ഞങ്ങൾ തിരികെ വരാൻ ബസ്സിൽ കയറി.

## അനുഭവക്കുറിപ്പ്

**ആര്യാംബിക എസ് ,എട്ടാം തരം**

# റിയാന്റെ കിണർ

## ആസ്വാദന കുറിപ്പ്

ഇതൊരു കഥയല്ല.കേട്ടുകഴിഞ്ഞാൽ ഒരുപക്ഷേ കഥ പോലെ തോന്നാം.ഒരു കൊച്ചു ബാലൻ ഉത്കടമായ ഇച്ഛാശക്തി കൊണ്ടും മനസ്സിൽ നിറഞ്ഞുനിന്ന നന്മ കൊണ്ടും വളർത്തിയെടുക്കുകയും ഇന്നും സജീവമായി നിലനിൽക്കുകയും ചെയ്യുന്ന ഒരു മഹാപ്രസ്ഥാനത്തിന്റെ വിജയകഥയാണിത് . കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടെ നാമെല്ലാം പലതരത്തിൽ തിരക്കുകളിൽ കുടുങ്ങി ജീവിച്ചു പോകുമ്പോൾ ലോകത്തിൻ്റെ ഒരു മൂലയിലിരുന്ന് റിയാൻ തന്റെ ജീവിതത്തോടൊപ്പം കൊണ്ടുനടക്കുന്ന ത്യാഗത്തിന്റെ വിസ്മയ കഥ. വെള്ളമില്ലാത്ത നാട്ടിൽ കുഴൽ കിണർ നിർമ്മിച്ച് മാതൃകയാകുന്ന റിയാൻ്റെ ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു കൊച്ചു കഥയാണിത്. റിയാൻ്റെ ഈ ജീവിതകഥ കുട്ടികളെ മാത്രമല്ല ഏതു പ്രായക്കാരെയും കുറെ കൂടി നല്ലവരാക്കി മാറ്റാൻ സഹായിക്കും.

ജീവിതത്തിന്റെ എല്ലാ തിരക്കുകൾക്കിടയിലും മനുഷ്യത്വത്തിന്റെ കഥ പറയുന്ന ഈ കൊച്ചുപുസ്തകത്തിന് ചെവി കൊടുക്കുക. തീർച്ചയായും നമ്മുടെ മനസ്സിൽ നന്മയും സമാധാനവും സ്നേഹവുമെല്ലാം നിറഞ്ഞു വരും. നമുക്ക് ഒരാളെ സഹായിക്കണമെങ്കിൽ അതിന് ഭാഷയുടെയോ വർണത്തിന്റെയോ രാജ്യങ്ങളുടെയോ വേർതിരിവുകൾ ഒരിക്കലും തടസ്സമാകില്ല ഇതാണ് റിയാൻ്റെ കിണർ എന്ന പുസ്തകം കാട്ടിത്തരുന്നത്.

സുരഭി എസ്.
എട്ടാം തരം

# ശരി

## കവിത


പ്രസന്ന എം കെ
HST MALAYALAM

ആരായിത്തീരാനാണ് നീ ആഗ്രഹിക്കുന്നത്?
എന്താണ് നിന്റെ ജീവിതാഭിലാഷം ?
എന്നിങ്ങനെയുള്ള ചോദ്യങ്ങൾ കുട്ടിയായിരിക്കുമ്പോൾ
പലരും എന്നോടു ചോദിച്ചിട്ടുണ്ട്.
മാതാപിതാക്കളും അധ്യാപകരും മറ്റു ബന്ധുമിത്രാദികളും.
ചോദ്യങ്ങൾക്കുമുന്നിൽ പകച്ച നാളുകൾ
മാതാപിതാക്കളെ പോലെയാകണമെന്ന് മാത്രമെ
അന്നു ഞാൻ മൊഴിഞ്ഞുള്ളൂ.
എന്നാൽ എന്നെ സ്നേഹിക്കുന്നവർ അന്നെന്നോടോതി
പഠിച്ചു പഠിച്ച് അവരേക്കാൾ മിടുക്കരാകണമെന്ന്
അതാണ് ശരിയും
ഓരോ തലമുറയും പഴയ വരേക്കാൾ നന്നാകുകയല്ലേ വേണ്ടത്.

# ലക്ഷ്യം     കഥ

കുറെ നാളത്തെ പ്രണയമായിരുന്നു അവരുടേത്. അവൾ അവനോടൊപ്പം ഉള്ള ജീവിതത്തെക്കുറിച്ച് സ്വപ്നം കാണുകയും അവൻറെ കൂടെ മുന്നോട്ടുള്ള ജീവിതം സന്തോഷവും സമാധാനവും നിറഞ്ഞതായിരിക്കണം എന്ന് ആഗ്രഹിക്കുകയും ചെയ്തു. പക്ഷേ മറ്റൊരു പെണ്ണിനെ കണ്ടപ്പോൾ അവൻ തന്നെ ഉപേക്ഷിച്ചു പോകും എന്ന് അവൾ ഒരിക്കലും പ്രതീക്ഷിച്ചില്ല ആദ്യമൊക്കെ അവളെ അത് തളർത്തിയെങ്കിലും അവൾ അതൊക്കെ മറന്നുകൊണ്ട് അവളുടെ ജീവിത ലക്ഷ്യത്തെ പിന്തുടർന്ന് മുന്നോട്ട് ജീവിച്ചു. അവൾ രാവും പകലും ഇല്ലാതെ കഷ്ടപ്പെട്ട് പഠിച്ചു പ്രണയ ജീവിതത്തെക്കുറിച് ച് സ്വപ്നം കണ്ടു നടന്ന ആ പെൺകുട്ടി ആ ജീവിതത്തിൽ ഒരു പ്രശ്നം വന്നപ്പോൾ തളരാതെ തന്റെ ജീവിത ലക്ഷ്യത്തെ പിന്തുടരാനും അത് നേടിയെടുക്കാനുള്ള വാശിയും അവൾക്കുണ്ടായിരുന്നു അങ്ങനെ അവൾ അത് നേടുകയും ചെയ്തു ഇന്നവൾക്ക് ഈ ലോകത്തെ തന്നെ ഏറ്റവും മികച്ച കമ്പനിയിൽ ജോലി ലഭിച്ചു അവളെ ലക്ഷ്യത്തിലെത്താൻ പ്രേരിപ്പിച്ച അവളുടെ സങ്കട കഥകളോട് അവൾ നന്ദി പറഞ്ഞു " Follow your Dreams Not your Boyfriend "

**ദീക്ഷിത എ . ബി**
**പത്താം തരം**




JINISHAMOL D

10 STD



വേദ യു

എട്ടാം തരം




## തനുശ്രീ. ജെ
### എട്ടാം തരം

# ജലം അമ്മയാണ്

കവിത

ഒരു തുള്ളി ജലമാണ് എൻ അമ്മ
മഴയായി പെയ്യുന്ന എൻ അമ്മ
തേടി നടക്കുകയാണ് ഈ ഭൂമി മുഴുവനും
എൻ അമ്മയെ ഒന്നു നോക്കു കാണുവാനായി
മലിനമതാക്കുന്നു ഓരോ മനുഷ്യനും

എന്നമ്മയാം ഭൂമിയെ
ഉപയുക്തമാക്കുന്നു ചിലരൊക്കെ

ലോകമാതാവാം എന്നമ്മ
ജീവനും പ്രാണനും എന്നമ്മ
എന്നെന്നും കാക്കണം എന്നമ്മയെ

ശ്രീലക്ഷ്മി എസ്
എട്ടാംതരം

# കുഞ്ഞിളം കാറ്റ്

കവിത

കിന്നാരം ചോല്ലുകിൽ എന്നോടും ചോല്ലുമോ
കുഞ്ഞിളം കുഞ്ഞുകാറ്റേ--
കണ്ണിമാങ്ങക്കുല മെല്ലെ തഴുകിയ
കുഞ്ഞുകുസൃതിക്കാറ്റേ--
കണ്ണാരം പൊത്തിക്കളിച്ചീടുവാനായി
തെല്ലൊന്നു വേഗം വന്നണയൂ--
കണ്ണ് ചിമ്മിക്കുന്ന കണ്ണിമാങ്ങതൻ
അച്ചാറല്പം ഞാൻ നൽകീടാം
കൂടെ കളിക്കാനും കൂട്ടിനിരിക്കാനും
മാനത്തിന്നാരുമില്ലേ--
കൂടെ കളിച്ചിടാം കൂട്ടിന്നിരുന്നിടാം
കൂടെയായ് നീ വരുമോ--
കല്ലുപെറുക്കാനായ് കാത്തിരിക്കുന്നൊരീ
കിന്നാരം തുമ്പിയുണ്ടേ--
കണ്ണുകൾ ചിമ്മുന്ന കുഞ്ഞുപാവക്കുട്ടി
സമ്മാനമായി തന്നിടാം ഞാൻ
കൊച്ചനുജത്തി തൻ കുട്ടികുസൃതികൾ കണ്ടു
പൊട്ടിച്ചിരിക്കാം
കുയിലമ്മ പാടുന്ന പാട്ടുകൾ കേട്ടുടൻ
കൊതിയോടെ കാത്തിരിക്കാം
കിന്നാരം ചോല്ലുകിൽ എന്നോടും ചോല്ലെന്റെ
കുഞ്ഞിളം കുഞ്ഞുകാറ്റേ--
കണ്ണിമാങ്ങക്കുല മെല്ലെ തഴുകിയ
കുഞ്ഞുകുസൃതിക്കാറ്റേ--

ആര്യാംബിക.എസ് .എട്ടാം തരം

# ഒരു വിമാന യാത്രയുടെ സ്മരണയ്ക്ക്--

പത്താം ക്ളാസ്സ് വിദ്യാർത്ഥിനികൾ

ഞങ്ങളുടെ ടൂർ നവംബർ 27,28,29 തീയ്യതികളിലാണ് നടന്നത്. ബാംഗ്ളൂരിലേക്കായിരുന്നു

ടൂർ. പ്രധാന ആകർഷണം ഞങ്ങളുടെ ഫ്ളൈറ്റ് യാത്രയാണ് . 27 ന് വൈകിട്ട് 3 മണിക്ക് ഞങ്ങൾ



റെയിൽവേ സ്റ്റേഷനിൽ എത്തി.വൈകുന്നേരം പുറപ്പെട്ട
ട്രയിൻ പിറ്റേന്ന് 28ന് രാവിലെ 6 മണി

ആകുമ്പോഴേക്കും ബാംഗ്ളൂർ എത്തി.പ്രഭാത ഭക്ഷണത്തിനു
ശേഷം വിശ്വേശരയ്യ

പ്ളാനിറ്റേറിയത്തിലേക്ക് പോയി. അവിടുത്തെ കാഴ്ച്ചകൾ
ഞങ്ങളെ വിസ്മയിപ്പിച്ചു.പിന്നീട് വിധാൻസഭ കാണാൻ പോയി.ഉച്ചയ്ക്ക
ശേഷം ബാംഗ്ളൂർ സ്നോ സിറ്റിയിൽ എത്തി. തണുപ്പ്
പ്രദേശത്തിൽ

എത്തപ്പെട്ടതു പോലെ തോന്നി.അവിടെ ഞങ്ങൾ ശരിക്കും ആസ്വദിച്ചു. അവിടെ നിന്നും തന്ന ജാക്കറ്റും ഷൂസും തണുപ്പ് പ്രതിരോധിക്കാൻ ഞങ്ങളെ സഹായിച്ചു. രാത്രി 10 മണിക്കായിരുന്നു. ഞങ്ങളുടെ ഫ്ളൈറ്റ് .8 മണി ആകുമ്പോഴേക്കും ഞങ്ങൾ എയർപോർട്ടിൽ എത്തി.



ഫ്ളൈറ്റ് രണ്ടരമണിക്കൂർ ലേറ്റായിരുന്നു.ബോർഡിങ്ങ് പാസ്സ്
എടുത്തതി നു ശേഷം ഞങ്ങൾ ഫ്ളൈറ്റ് കാത്തിരുന്നു ഞങ്ങളുടെ
കാത്തിരി പ്പിനൊടുവിൽ ഫ്ളൈറ്റ് വന്നു. ഞങ്ങൾ ഫ്ളൈറ്റിൽ
കയറി.ആ കെ പരിഭ്രമമായിരുന്നു ഞങ്ങൾക്ക് .വിമാനം
ഉയർന്നു പൊങ്ങുമ്പോൾ ഞങ്ങളുടെ ഹൃദയമിടിപ്പിനു വേഗം കൂടി.
ആകാശ കാഴ്ചകൾ ആസ്വദിക്കാൻ തുടങ്ങിയപ്പോൾ പേടി മാറി.
കുറച്ച സമയത്തിനു ശേഷം ഞങ്ങൾ കൊച്ചി എത്തി. അങ്കമാലി
നിന്നുമുള്ള മാവേലി എക്സ്പ്രസ്സിനായിരുന്നു ഞങ്ങൾക്ക്
റിസർവേ ഷൻ.എന്നാൽ ഫ്ളൈറ്റ് ലേറ്റായതു കാരണം ട്രയിൻ
മിസ്സായി. അന്ന് രാത്രി ഞങ്ങൾ റെയിൽവേ സ്റ്റേഷനിൽ
കിടന്നുറ ങ്ങി.പിറ്റേന്ന് രാവിലെ 6 മണിക്കുള്ള ട്രയിനിൽ ഞങ്ങൾ
കാഞ്ഞ ങ്ങാട്ടേക്ക തിരിച്ചു.വൈകുന്നേരം 5മണി
ആകുമ്പോ ഴേക്കും ഹോസ്റ്റലിൽ തിരിച്ചെത്തി. ഞങ്ങളുടെ സ്വപ്നം
സാക്ഷാത്കാരിച്ചു.ഞങ്ങൾക്ക് സൗജന്യമായി വിമാനയാത്ര നടത്താൻ അവസരമൊരുക്കിതന്ന ഫിഷറീസ് ഡിപ്പാർട്ട്മെന്റിനോടുള്ള നന്ദി എന്നും ഞങ്ങളുടെ ഉള്ളിൽ ഉണ്ടായിരിക്കും.

**നന്ദി**